# ഇളനീർപാർലറുകൾ രാജ്യമെമ്പാടും വ്യാപിപ്പിക്കുന്നു



**രാ**ജ്യത്തെ എല്ലാ പ്രധാനപ്പെട്ട പട്ടണങ്ങളിലും ഹൈവേകളിലും ഗോൾഡൻ ട്രഷർ പോലുള്ള എക്സ്പ്രസ് ഹൈവേകളിലും ശുചിത്വമുള്ളതും ആകർഷണീയമായതുമായ ഇളനീർപാർലർ മൊബൈൽ യൂണിറ്റുകൾ ആരംഭിച്ച് പ്രകൃതിദത്തമായ ഇളനീരിന്റെ ഗുണഗണങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ് നാളികേര വികസന ബോർഡ്. ഇളനീർപാർലറുകൾക്ക് പൊതുവായൊരു ഡിസൈനാകും ഉണ്ടാകുക. ഒരേസമയം 200-300 ഇളനീർ സംഭരിച്ച് വ്യാപാരം നടത്താനാകും ഇവിടെ. ഈ മൊബൈൽ പാർലറുകളുടെ സമീപപ്രദേശങ്ങളിലെല്ലാം കരിക്കും മറ്റ് അനുബന്ധ ഉൽപ്പന്നങ്ങളും വിപണനം നടത്താൻ സാധിക്കുമെന്നതാണ് ഇതിന്റെ പ്രത്യേകത. ഇളനീർ ബാർ എന്നുകൂടി വിളിക്കപ്പെടുന്ന ഈ പാർലറുകളിൽനിന്ന് ഉപഭോക്താക്കൾക്ക് ഇളനീരിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന മൂല്യവർധിത ഉൽപ്പന്നങ്ങളായ ഇളനീർ ലസ്സി, ഷെയ്ക്ക്, ശീതീകരിച്ച ഇളനീർ എന്നിവയും ആസ്വദിക്കാവുന്നതാണ്. ബോർഡിന്റെ നാളികേര ടെക്നോളജി മിഷൻ പദ്ധതിയുടെ സാമ്പത്തിക സഹായത്തോടെ രാജ്യത്തുടനീളം പ്രധാന മെട്രോ നഗരങ്ങളിലും ഹൈവേകളിലുമായി 2012ൽ 5000 ഇളനീർ പന്തലുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്.

താൽപ്പര്യമുള്ള വ്യക്തികൾ/സംരംഭകർ, കർഷകർ, നാളികേരോൽപ്പാദക സംഘങ്ങൾ, എൻജിഒകൾ എന്നിവരുടെ ആഭിമുഖ്യത്തിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രോജക്റ്റുകൾ ബോർഡിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്. വിവരങ്ങൾക്ക് താഴെ പ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടുക. ഫോൺ: 9895816291, 9496119103, 9447272547.
വെബ് സൈറ്റ്: www.coconutboard.ni.in